ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 23.06.2025 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ യുഡിഎഫിന് ഉജ്വല വിജയം. കോൺഗ്രസ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്തിന് 11,000 ത്തോളം വോട്ടുകളുടെ ലീഡ്.

**Congress-led UDF wins Nilambur byelection. Congress candidate Aryadan Shoukath leads by around 11,000 votes.**

2. എൽഡിഎഫ് രണ്ടാംസ്ഥാനത്ത്. മണ്ഡലത്തിൽ സ്വാധീനം തെളിയിച്ച് സ്വതന്ത്ര സ്ഥാനാർത്ഥി പി.വി അൻവർ. സംസ്ഥാന സർക്കാരിനെതിരെയുള്ള ജനരോഷമാണ് വിജയത്തിന് പിന്നിലെന്ന് ആര്യാടൻ ഷൗക്കത്ത്.

**LDF in second place. Independent candidate P.V Anvar proved significant influence in the constituency. Anti-incumbency against the LDF Government is the factor behind victory, says Aryadan Shoukath.**

3. ഉപതിരഞ്ഞെടുപ്പ് നടന്ന മറ്റ് രണ്ട് മണ്ഡലങ്ങളിൽ ആം ആദ്മി ലീഡ് ചെയ്യുന്നു. ബിജെപിയും, തൃണമൂലും ഓരോ സീറ്റുകളിൽ മുന്നിൽ.

**Counting of Votes for byelection is continuing in four other constituencies in Gujarat, Punjab and West Bengal. Aam Aadmi Party leads in two. BJP and Trinamool leading in one seat each.**

4. ഇറാൻ - ഇസ്രായേൽ സംഘർഷം അതിരൂക്ഷമായി തുടരുന്നു. ഇസ്രായേലിൽ ആക്രമണം തുടരുമെന്ന് ഇറാൻ. സംഘർഷ സാഹചര്യം അടിയന്തരമായി

ലഘൂകരിക്കണമെന്ന് യു.എൻ. സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ്.

**The conflict continues between Iran and Israel, as both countries exchange missile strikes. Iranian Supreme Leader Ayatollah Ali Khamenei has vowed that punishment against Israel will continue. UN Secretary General Antonio Guterres urges immediate action to de-escalate West Asia crisis following US military strikes on Iran's nuclear facilities.**

5. ലീഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരായ ഇന്ത്യയുടെ രണ്ടാം ഇന്നിങ്സ് ബാറ്റിങ്ങ് ഉച്ച തിരിഞ്ഞ് പുനരാരംഭിക്കും.

**India's second innings against England in Leeds cricket test will resume this afternoon.**

*****************************

## NILAMBUR

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ യുഡിഎഫിന് ഉജ്വല വിജയം. കോൺഗ്രസ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത് 10,928 വോട്ടുകൾക്ക് വിജയിച്ചു. വോട്ടെണ്ണൽ 19 റൗണ്ടുകളും പൂർത്തിയായപ്പോൾ ആര്യാടൻ ഷൗക്കത്ത് 77,000 ലധികം വോട്ടുകളും, എൽഡിഎഫ് സ്ഥാനാർത്ഥി എം സ്വരാജ് 66,000 ലധികം വോട്ടുകളും നേടിയിട്ടുണ്ട്. സ്വതന്ത്ര സ്ഥാനാർത്ഥി പി.വി അൻവർ 19,000-ലധികം വോട്ടുകളും, എൻഡിഎ സ്ഥാനാർത്ഥി മോഹൻ ജോർജ് 8,500 ലേറെ വോട്ടുകളുമാണ് നേടിയിരിക്കുന്നത്. വോട്ടെണ്ണലിൻറെ ആദ്യ റൗണ്ടുകൾ മുതൽതന്നെ യുഡിഎഫ് വ്യക്തമായ മേൽക്കോയ്മ നിലനിർത്തിയിരുന്നു. എൽഡിഎഫ് തുടർച്ചയായി രണ്ടാംസ്ഥാനത്ത് തന്നെ നിലയുറപ്പിച്ചപ്പോഴും, മണ്ഡലത്തിലെ തൻറെ സ്വാധീനം തെളിയിക്കാൻ പി.വി അൻവറിന് സാധിച്ചു.

**വോട്ടെണ്ണലിൻറെ തത്സമയ വിവരങ്ങളുമായി നിലമ്പൂരിൽ നിന്നും ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു...**

1) സുരേഷ്, പ്രതീക്ഷിച്ച നിലയിലുള്ള വിജയം തന്നെയാണോ ആര്യാടൻ ഷൗക്കത്ത് നേടിയിരിക്കുന്നത്? യുഡിഎഫ് ക്യാമ്പിൽ നിന്നുള്ള വിലയിരുത്തൽ എങ്ങനെയാണ്?

(ഹോൾഡ്)

2) എൽഡിഎഫ് എങ്ങനെയാണ് തിരഞ്ഞെടുപ്പ് ഫലത്തെ നോക്കിക്കാണുന്നത്? ഭരണവിരുദ്ധ വികാരം ജനങ്ങളെ സ്വാധീനിച്ചതായി കരുതുന്നുണ്ടോ?

(ഹോൾഡ്)

3) പി.വി അൻവറിൻറെ സ്ഥാനാർത്ഥിത്വം തിരഞ്ഞെടുപ്പ് ഫലത്തിൽ ഏതൊക്കെ വിധത്തിലാണ് സ്വാധീനിച്ചത്? എൻഡിഎയുടെ പ്രകടനത്തെ എങ്ങനെ വിലയിരുത്തുന്നു?

(ഹോൾഡ്)

*****************************

## NILAMBUR GL

കോൺഗ്രസിന്റെ അടിയുറച്ച കോട്ടയായി കണക്കാക്കപ്പെട്ടിരുന്ന നിലമ്പൂർ മണ്ഡലം തിരിച്ചുപിടിച്ചതിന്റെ ആവേശത്തിലാണ് യുഡിഎഫ് പ്രവർത്തകർ. 1965 ൽ മണ്ഡലം രൂപീകരിച്ച ശേഷമുള്ള ആദ്യ തിരഞ്ഞെടുപ്പുകളിൽ ഇടതിനൊപ്പം നിന്ന നിലമ്പൂർ, പിന്നീട് കോൺഗ്രസിന്റെ ഉറപ്പുള്ള മണ്ഡലങ്ങളിൽ ഒന്നായി മാറുകയായിരുന്നു. കോൺഗ്രസിന്റെ സമുന്നത നേതാവും, ആര്യാടൻ ഷൗക്കത്തിന്റെ പിതാവുമായ ആര്യാടൻ മുഹമ്മദാണ് മണ്ഡലത്തെ പതിറ്റാണ്ടുകളോളം പ്രതിനിധീകരിച്ചിരുന്നത്. 1977 ൽ ആദ്യമായി നിലമ്പൂരിൽ നിന്നും വിജയിച്ച ആര്യാടൻ മുഹമ്മദ് 1987 മുതൽ 2011 വരെയുള്ള തിരഞ്ഞെടുപ്പുകളിൽ തുടർച്ചയായി വിജയിച്ചു കയറി. 2016 ലാണ് 11,000-ലേറെ വോട്ടുകളുടെ ഭൂരിപക്ഷത്തിൽ ആര്യാടൻ ഷൗക്കത്തിനെ പരാജയപ്പെടുത്തി ഇടത് സ്വതന്ത്രനായ പി.വി അൻവർ

മണ്ഡലം തിരിച്ചുപിടിക്കുന്നത്. 2021 ലും 2700 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ അൻവർ വിജയം ആവർത്തിച്ചു. സിപിഐഎമ്മുമായുള്ള അഭിപ്രായ വ്യത്യാസങ്ങളെ തുടർന്ന് ഈ ജനുവരിയിൽ പി.വി അൻവർ, എംഎൽഎ സ്ഥാനം രാജിവച്ചതിനെ തുടർന്നാണ് നിലമ്പൂരിൽ ഉപതിരഞ്ഞെടുപ്പ് നടന്നത്.

****************************

## ELECTION – REACTIONS

പ്രതീക്ഷിച്ച ഭൂരിപക്ഷത്തിൽ തന്നെ നിലമ്പൂരിൽ വിജയത്തിലേക്കെത്തിയതായി യു.ഡി.എഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്ത് പറഞ്ഞു. എൽ.ഡി.എഫ് സർക്കാരിനെതിരെയുള്ള ജനരോഷം നിലമ്പൂരിലെ ജനങ്ങൾ ഏറ്റെടുത്തതായും അദ്ദേഹം പ്രതികരിച്ചു. ജനങ്ങൾക്ക് വേണ്ടി കൂടുതൽ കരുത്തോടെ മുൻപോട്ട് പോകുമെന്ന് എൽ.ഡി.എഫ് സ്ഥാനാർഥി എം.സ്വരാജ് പറഞ്ഞു. വികസന വിഷയങ്ങൾ ജനങ്ങളുമായി ചർച്ച ചെയ്യാനാണ് എൽ.ഡി.എഫ് ശ്രമിച്ചതെന്നും ഭരണത്തിന്റെ വിലയിരുത്തലാണ് ഉപതിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചതെന്ന് കരുതുന്നില്ലെന്നും അദ്ദേഹം പ്രതികരിച്ചു. പൊതുപ്രവർത്തനം തുടരാൻ എംഎൽഎ സ്ഥാനമോ മന്ത്രി പദവിയോ ആവശ്യമില്ലെന്ന് പി.വി അൻവർ പറഞ്ഞു.

****************************

## BYPOLLS COUNTING

നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടന്ന മറ്റ് മൂന്ന് സംസ്ഥാനങ്ങളിലെ നാല് മണ്ഡലങ്ങളിലും ഇന്ന് വോട്ടെണ്ണൽ നടന്നു. ഗുജറാത്തിലെ കഡി മണ്ഡലത്തിൽ ബി ജെ പി യും വിസാവ്ദർ മണ്ഡലത്തിൽ ആം ആദ്മി പാർട്ടിയും ലീഡ് ചെയ്യുകയാണ്. പഞ്ചാബിലെ ലുധിയാന വെസ്റ്റ് മണ്ഡലത്തിൽ ആം ആദ്മി പാർട്ടിയും, പശ്ചിമബംഗാളിലെ കാളിഗഞ്ചിൽ തൃണമൂൽ കോൺഗ്രസുമാണ് ലീഡ്

ചെയ്യുന്നത്. വിസാവ്ദറിൽ ആം ആദ്മി പാർട്ടി സ്ഥാനാർത്ഥി ഇറ്റാലിയ ഗോപാൽ 14,000-ലധികം വോട്ടുകൾക്കും കഡി മണ്ഡലത്തിൽ ബിജെപിയുടെ രാജേന്ദ്രകുമാർ 35,000 ലധികം വോട്ടുകൾക്കും മുന്നിലാണ്. ലുധിയാനയിൽ എ.എ.പിയുടെ സഞ്ജീവ് അറോറ 4,800 ഓളം വോട്ടുകൾക്കും, കാളിഗഞ്ചിൽ തൃണമൂൽ സ്ഥാനാർത്ഥി ആലിഫ അഹമ്മദ് 26,000-ലധികം വോട്ടുകൾക്കും ലീഡ് ചെയ്യുന്നു.

*****************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും....

(ബ്രേക്ക്)

*****************************

## GUTERRES-IRAN-US- INTRO

മധ്യേഷ്യയിലെ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഐക്യരാഷ്ട്ര രക്ഷാ സമിതി ന്യൂയോർക്കിൽ അടിയന്തര യോഗം ചേർന്നു. സംഘർഷ സാഹചര്യം അടിയന്തരമായി ലഘൂകരിക്കണമെന്നും,സമാധാനം പുന:സ്ഥാപിക്കണമെന്നും യു.എൻ. സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് അഭ്യർത്ഥിച്ചു. സ്ഥിതിഗതികൾ രൂക്ഷമാകാതെ നിലനിർത്തേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹം അടിവരയിട്ടു.

*****************************

## IRAN-ISRAEL CONFLICT

ഇറാൻ-ഇസ്രായേൽ സംഘർഷം അതിരൂക്ഷമായി തുടരുകയാണ്.ഇസ്രായേലിനെതിരെ ആക്രമണം തുടരുമെന്ന് ഇറാൻ പരമോന്നത നേതാവ് ആയത്തുള്ള അലി ഖമേനി വ്യക്തമാക്കി. ഇറാനിലെ യുഎസ് ആക്രമണത്തിന് ശേഷമുള്ള ഖമേനിയുടെ ആദ്യ പ്രതികരണമാണിത്. യുഎസ്

ആക്രമണത്തിന് തിരിച്ചടി നൽകുന്നതിൻറെ സമയവും, സ്വഭാവവും ഉൾപ്പെടെ ഇറാൻ സൈന്യം നിർണ്ണയിച്ചു വരികയാണെന്നും അധികൃതർ അറിയിച്ചു. മേഖലയിലുടനീളം യുഎസ് സേന അതീവ ജാഗ്രത തുടരുകയാണ്. ഹൊർമ്മൂസ് കടലിടുക്ക് അടച്ചുപൂട്ടുന്നത് ആഗോള ഊർജ്ജ സുരക്ഷയ്ക്കും സാമ്പത്തിക സ്ഥിരതയ്ക്കും ഭീഷണിയാകുമെന്നതിനാൽ, ഇതിനെ ചെറുക്കുന്നതിനായി നാവിക ഏറ്റുമുട്ടലുകൾക്ക് ഉൾപ്പെടെ അമേരിക്ക തയ്യാറെടുക്കുന്നതായി റിപ്പോർട്ടുകളുണ്ട്.

*****************************

## OIL MARKET PRICE SURGE

പശ്ചിമേഷ്യൻ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ ആഗോളതലത്തിൽ എണ്ണവിലയിൽ വൻ വർദ്ധന. അഞ്ച് മാസത്തെ ഏറ്റവും ഉയർന്ന വിലയാണ് ഇന്ന് രേഖപ്പെടുത്തിയത്. ബ്രെന്റ് ക്രൂഡിന്റെ വില രണ്ട് ശതമാനത്തിലേറെ വർദ്ധിച്ചു. ബാരലിന് 79 ഡോളറിലധികമാണ് ഇന്നത്തെ വില.

*****************************

## CRICKET

ലീഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരായ ഇന്ത്യയുടെ രണ്ടാം ഇന്നിങ്സ് ബാറ്റിങ്ങ് ഇന്ന് ഉച്ച തിരിഞ്ഞ് 3.30 ന് പുനരാരംഭിക്കും. മൂന്നാം ദിവസമായ ഇന്നലെ കളി അവസാനിക്കുമ്പോൾ ഇന്ത്യ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 90 റൺസെന്ന നിലയിലാണ്. 47 റൺസുമായി കെ എൽ രാഹുലും 6 റൺസുമായി ശുഭ്മാൻ ഗില്ലുമാണ് ക്രീസിൽ. ആദ്യ ഇന്നിങ്സിൽ ഇന്ത്യയ്ക്ക് ആറ് റൺസിൻറെ ലീഡാണുള്ളത്. ഇന്ത്യയുടെ 471 റൺസ് ഒന്നാം ഇന്നിംഗ്സ് സ്കോർ പിന്തുടർന്ന ഇംഗ്ലണ്ട് 465-ന് പുറത്താവുകയായിരുന്നു.

****************************

## SQUASH

മലേഷ്യയിൽ നടക്കുന്ന ഏഷ്യൻ സ്ക്വാഷ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ സംഘത്തെ അഭയ് സിങ്ങും അനാഹട്ട് സിങ്ങും നയിക്കും. പുരുഷ-വനിത - മിക്സ്ഡ് ഡബിൾസ് ഇനങ്ങളിലായി 6 ജോഡികളാണ് ഇന്ത്യയെ പ്രതിനിധീകരിക്കുന്നത്. നോക്ക് ഔട്ട് മത്സരങ്ങൾ നാളെ നടക്കും.

****************************

## SYRIA- SUICIDE BOMB

സിറിയയിൽ, ചാവേർ ബോംബാക്രമണത്തിൽ 19 പേർ കൊല്ലപ്പെട്ടു. തലസ്ഥാനമായ ഡമാസ്കസിലെ മാർ ഏലിയാസ് പള്ളിയിൽ ഇന്നലെയാണ് ദിവ്യബലിക്കിടെ ആക്രമണമുണ്ടായത്. ഇസ്ലാമിക് സ്റ്റേറ്റുമായി ബന്ധമുള്ളയാളാണ് ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചത്.

************************************************************************************************************
************